"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്തനിവാരണ വകുപ്പ് - കാലവർഷക്കെടുതികൾ - എസ്.ഡി.ആർ.എഫ്. - കോട്ടയം ജില്ല - കാഞ്ഞിരപ്പള്ളി ബ്ലോക്ക് - കോരുത്തോട് ഗ്രാമപഞ്ചായത്ത് - കൊമ്പുകുത്തി സ്കൂൾ ജംഗ്ഷൻ - പടിഞ്ഞാറേ കൊമ്പുകുത്തി റോഡ് പ്രവൃത്തിയുടെ കരാറിലേർപ്പെടുന്നതിനും പ്രവൃത്തി പൂർത്തിയാക്കുന്നതിനുമുള്ള കാലാവധി ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു

**ദുരന്തനിവാരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.356/2025/DMD തീയതി,തിരുവനന്തപുരം, 27-05-2025

പരാമർശം:-
1. 21.09.2023 ലെ സ. ഉ. (സാധാ) നം. 583/2023/ഡി.എം.ഡി.
2. കോട്ടയം ജില്ലാകളക്ടറുടെ 27.03.2025 തീയതിയിലെ DCKTM/1847/2024-DM2 നമ്പർ കത്ത്

**ഉത്തരവ്**

എസ്.ഡി.ആർ.എഫ് മാനദണ്ഡപ്രകാരം കാലവർഷക്കെടുതിയിൽ നാശനഷ്ടം സംഭവിച്ച റോഡുകളുടെ പുനരുദ്ധാരണത്തിലുൾപ്പെടുത്തി പരാമർശ ഉത്തരവുപ്രകാരം കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി ബ്ലോക്കിൽപ്പെട്ട കോരുത്തോട് ഗ്രാമപഞ്ചായത്തിലെ കൊമ്പുകുത്തി സ്കൂൾ ജംഗ്ഷൻ - പടിഞ്ഞാറേ കൊമ്പുകുത്തി (വാർഡ് 3) റോഡ് പുനരുദ്ധാരണ പ്രവൃത്തിക്കായി ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത റോഡ് പുനരുദ്ധാരണ പ്രവൃത്തിക്കായി പ്രദേശവാസികളും ജനപ്രതിനിധികളും നിരന്തരം ആവശ്യമുന്നയിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതി വീണ്ടും പുതുക്കി നൽകണമെന്ന് പരാമർശ കത്ത് പ്രകാരം ജില്ലാ കളക്ടർ അഭ്യർത്ഥിച്ചു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോട്ടയം ജില്ലാകളക്ടറുടെ ശിപാർശ പരിഗണിച്ച് പരാമർശ ഉത്തരവുപ്രകാരം ഭരണാനുമതി നൽകിയിരുന്ന കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി ബ്ലോക്കിൽപ്പെട്ട കോരുത്തോട് ഗ്രാമപഞ്ചായത്തിലെ കൊമ്പുകുത്തി സ്കൂൾ ജംഗ്ഷൻ - പടിഞ്ഞാറേ കൊമ്പുകുത്തി (വാർഡ് 3) റോഡ് പുനരുദ്ധാരണ പ്രവൃത്തിയുടെ കരാറിലേർപ്പെടുന്നതിന് 2 മാസവും പ്രവൃത്തി പൂർത്തീകരിക്കുന്നതിന് 6 മാസവും ദീർഘിപ്പിച്ച് നൽകി ഉത്തരവാകുന്നു.

3. പ്രസ്തുത പ്രവൃത്തി ഭരണാനുമതി കാലാവധിക്കകത്ത് തന്നെ പൂർത്തിയാക്കുന്നുണ്ടെന്ന് കോട്ടയം ജില്ലാകളക്ടർ ഉറപ്പാക്കേണ്ടതാണ്.

4. പരാമർശ ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പൂജ ലാൽ കെ എ എസ്
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് ), കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ, ബ്രാഞ്ച് ഓഫീസ്, കോട്ടയം
ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
കമ്മീഷണർ, ഡിസാസ്റ്റർ മാനേജ്മെന്റ്, തിരുവനന്തപുരം
ജില്ലാ കളക്ടർ, കോട്ടയം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് പകർപ്പ് (ഫയൽ നം. DMB1/98/2025/DMD)

ഉത്തരവിൻ പ്രകാരം

Signed by
Kumari Rekha S R
Date: 02-06-2025 14:25:43
സെക്ഷൻ ഓഫീസർ

പകർപ്പ്: ദുരന്തനിവാരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി. എ. യ്ക്ക്